# മുന്നാക്കസമുദായാംഗങ്ങളും ഈ നാടിന്റെ മക്കളാണെന്ന കാര്യം സർക്കാർ വിസ്മരിക്കരുത്

സാമൂഹികനീതിക്കായി നിലകൊള്ളുമ്പോഴും, എല്ലാതലങ്ങളിലും അവഗണിക്കപ്പെട്ടിട്ടുള്ള മുന്നാക്കവിഭാഗങ്ങൾക്കുവേണ്ടി പ്രതികരിക്കാൻ സാമൂഹ്യസംഘടന എന്ന നിലയിൽ നായർ സർവീസ് സൊസൈറ്റി എന്നും ശ്രമിച്ചിട്ടുണ്ട്. ഈ വിഭാഗത്തിനു വേണ്ടി വാദിക്കാൻ നമ്മുടെ രാജ്യത്ത് ഒരു രാഷ്ട്രീയപ്രസ്ഥാനവും മുന്നോട്ടുവരുന്നുമില്ല. ഈ സാഹചര്യത്തിലാണ് നായർ സർവീസ് സൊസൈറ്റി അത്തരം വിഷയങ്ങളിൽ കേന്ദ്രഗവണ്മെന്റിനും സംസ്ഥാനഗവണ്മെന്റിനും എതിരെ പ്രതികരിക്കാൻ നിർബന്ധിതമാകുന്നത്.

കേന്ദ്രഗവണ്മെന്റുകളുടെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായ അനുകൂലമായ ഏകതീരുമാനം മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ 10% സംവരണം നടപ്പാക്കിയെന്നുള്ളതാണ്. എന്നാൽ, നീതിനിഷേധിക്കപ്പെട്ട മുന്നാക്കവിഭാഗങ്ങൾക്ക് ന്യായമായും ലഭിക്കേണ്ട ചില നല്ല തീരുമാനങ്ങൾ കഴിഞ്ഞ സംസ്ഥാനഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായി എന്നത് പറയാതെവയ്യ. ആ തീരുമാനങ്ങൾ എങ്ങനെ അട്ടിമറിക്കാം എന്നുള്ള ശ്രമത്തിലാണ് ഇപ്പോഴത്തെ സംസ്ഥാന സർക്കാർ എന്ന് തുറന്നുപറയേണ്ടിവന്നിരിക്കുന്നു.

കഴിഞ്ഞ സംസ്ഥാനഗവണ്മെന്റ് രൂപീകരിച്ചു നടപ്പാക്കിയ മുന്നാക്കസമുദായക്ഷേമകോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട്, കഴിഞ്ഞ രണ്ടുവർഷമായി ഒരു കാരണവുമില്ലാതെ ഇപ്പോഴത്തെ ഗവണ്മെന്റ് തടഞ്ഞുവച്ചിരിക്കുന്നതുമൂലം അതിന്റെ പ്രവർത്തനം നിർജ്ജീവമായ അവസ്ഥയിലാണ്.

കുമാരപിള്ളക്കമ്മീഷൻ റിപ്പോർട്ടുപ്രകാരം നല്കിവരുന്ന വിദ്യാഭ്യാസസഹായങ്ങൾക്കുള്ള വാർഷികവരുമാനപരിധി മുന്നാക്കവിഭാഗത്തിൽപെട്ടവർക്കും ഒരു ലക്ഷമായി കഴിഞ്ഞ ഗവണ്മെന്റ് ഉയർത്തിയെങ്കിലും എയിഡഡ് കോളേജുകളിൽ കമ്മ്യൂണിറ്റി മെറിറ്റിലും മാനേജ്മെന്റ് ക്വോട്ടായിലും അഡ്മിഷൻ ലഭിക്കുന്ന മുന്നാക്കവിഭാഗത്തിൽപെട്ട കുട്ടികൾക്ക് ഈ ആനുകൂല്യം ഇപ്പോഴത്തെ ഗവണ്മെന്റ് നിഷേധിച്ചിരിക്കുകയാണ്.

ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണസമുദായങ്ങൾക്ക് 32 ശതമാനം സംവരണവും ജനറൽ വിഭാഗത്തിന് 68 ശതമാനം സംവരണവും വ്യവസ്ഥ ചെയ്തുകൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കഴിഞ്ഞ ഗവണ്മെന്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതാണ്. സംവരണവ്യവസ്ഥ ഇല്ലാതിരുന്ന ദേവസ്വം നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തിയപ്പോൾ സംവരണേതരസമുദായങ്ങൾക്ക് നല്കേണ്ടിയിരുന്ന 18 ശതമാനം സംവരണം ചിലരുടെ എതിർപ്പുമൂലം നടപ്പിൽവരുത്താൻ അന്നത്തെ ഗവണ്മെന്റിന് കഴിയാതിരുന്നതിനാൽ അതുകൂടി ജനറൽ വിഭാഗത്തിന് നല്കിയാണ് അന്ന് 68 ശതമാനം വ്യവസ്ഥ ചെയ്തത്. അത് പരിഹരിക്കാനെന്നവണ്ണം, സംവരണേതരസമുദായങ്ങൾക്ക് 10 ശതമാനം സാമ്പത്തികാടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഇപ്പോഴത്തെ ഗവണ്മെന്റിന്റെ പ്രഖ്യാപനം ഉണ്ടായെങ്കിലും, ഒരുവർഷം കഴിഞ്ഞിട്ടും അതിനാവശ്യമായ ചട്ടം ഉണ്ടാക്കുകയോ നടപ്പിൽവരുത്തുകയോ അവർ ചെയ്തിട്ടില്ല.

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് നിലവിൽവന്ന കേരളസംസ്ഥാനമുന്നാക്കസമുദായകമ്മീഷൻ മൂന്നുവർഷത്തെ പഠനത്തിനു ശേഷം ഇപ്പോഴത്തെ ഗവണ്മെന്റിന് 19.3.2019-ൽ റിപ്പോർട്ടു സമർപ്പിച്ചെങ്കിലും അത് ഇന്നുവരെ വെട്ടംകാണാൻ ഇടവന്നിട്ടില്ല. തുടർന്ന് ഈ ഗവണ്മെന്റ് നിയമിച്ച കമ്മീഷന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഏർപ്പാടുകൾ ഒന്നും തന്നെ ചെയ്തിട്ടുമില്ല.

സംവരണേതരസമുദായങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്രഗവണ്മെന്റിന്റെ തീരുമാനം സംസ്ഥാനത്ത് നടപ്പാക്കുന്ന കാര്യത്തിൽ ക്രിയാത്മകമായ യാതൊരു നടപടിയും സംസ്ഥാനസർക്കാരിന്റെ ഭാഗത്തുനിന്നും ഇതേവരെ ഉണ്ടായിട്ടില്ല. പകരം, ഇതു സംബന്ധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുവാൻ, മുന്നാക്കസമുദായകമ്മീഷൻ നിലവിലുള്ളപ്പോൾ തന്നെ, മറ്റൊരു രണ്ടംഗ താൽക്കാലികകമ്മീഷനെ നിയമിച്ചിരിക്കുന്നത് ദുരൂഹവുമാണ്.

സമാനമായ പല വിഷയങ്ങളിലും ഗവണ്മെന്റ് എടുക്കുന്ന തീരുമാനങ്ങൾ മുന്നാക്കവിഭാഗങ്ങൾക്ക് ഗുണകരമല്ലെന്നാണ് അനുഭവങ്ങൾ തെളിയിക്കുന്നത്. ഈ വിവേചനം ഒരു ജനാധിപത്യഗവണ്മെന്റിന് യോജിച്ചതല്ല എന്ന് ഇനിയുമെങ്കിലും ബന്ധപ്പെട്ടവർ മനസ്സിലാക്കുമെന്ന് കരുതുന്നു.